بسم الله الرحمن الرحيم

# AN OPEN LETTER TO HAZRAT MIRSA MASROOR AHMAD SAHIB ~ KHALEEFATH-UL-MASIH V

## ഖലീഫത്തുൽ മസീഹ് ഹസ്രത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിനൊരു തുറന്ന കത്ത്

അല്ലാഹു(ത) വിശുദ്ധ ഖുർആനിൽ പറയുന്നു.

"ദാവൂദേ, നാം നിന്നെ ഭൂമിയിൽ ഖലീഫയാക്കിയിരിക്കുന്നു അതുകൊ് മനുഷ്യർക്കിടയിൽ നീതി പൂർവ്വം വിധികല്പിക്കുക. നീ സ്വയേച്ഛയെ പിൻപറ്റരുത്. എങ്കിൽ അതുനിന്നെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിപ്പിച്ചുകളയും. തീർച്ചയായും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിപ്പിച്ചുപോകുന്നവർക്ക് കഠിന ശിക്ഷയു്. കാരണം വിചാരണനാളിനെ അവർ വിസ്മരിച്ചിരിക്കുന്നു." (38:27)

ഹസ്രത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ്.

അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വ ബറക്കാത്തുഹു

ഹസ്രത്ത് മസീഹ് മൗഊദ് (അ)-നാൽ സ്ഥാപിതമായ ജമാഅത്തിനെ സംബന്ധിച്ച ചിലകാര്യങ്ങൾ താങ്കളെ അറിയിക്കുക എന്നത് ഈ കാലത്തേയ്ക്കുള്ള അല്ലാഹുവിന്റെ ഖലീഫയും വിനീത ദൂതനും എന്ന നിലയിൽ എന്റെ കർത്തവ്യമാകുന്നു. ഈ ജമാഅത്ത് മുൻകാലങ്ങളിൽ പരിശുദ്ധവും കളങ്കരഹിതവും ആയിരുന്നു. സത്യസന്ധമായും മാന്യമായും പെരുമാറിയിരുന്നു, എല്ലാറ്റിനും ഉപരിയായി 'തഖ്‌വ' കൊു നിറഞ്ഞതായിരുന്നു.

എന്നാൽ, ഇക്കഴിഞ്ഞ പത്തിലേറെ വർഷങ്ങളിലായി, ജനങ്ങളുടെ മുമ്പിൽ, അഹ്മദീയ്യാ ജമാഅത്തിന് അതിന്റെ വിശ്വാസ്യത നഷ്ടമായിരിക്കുന്നു. അഹ്മദികൾ തന്നെയും ഈ നഷ്ടം തിരിച്ചറിയുന്നുവെന്നു പ്രസ്താവിക്കുവാൻ ഞാൻ മുതിരുന്നു. വാഗ്ദത്ത മസീഹ്(അ)ന്റെ അദ്ധ്യാപനങ്ങൾ ഇസ്ലാം മതവിശ്വാസങ്ങളുടെ ആഴവും പരപ്പും വിശദമാക്കുന്നവയായിരുന്നു. അഹ്മദിമുസ്ലീങ്ങൾക്ക് തങ്ങളിൽ ഒരു പരിവർത്തനം വരുത്തുവാനും മുസ്ലീം ഉമ്മത്തിലെ മറ്റു കക്ഷികൾക്കും വിശാലമാനവ സമൂഹത്തിലെ മറ്റ് ജനതകൾക്കും മുന്നിൽ ഒരു മാതൃകാ സമൂഹമാകു

വാനും കഴിഞ്ഞത് ഈ അദ്ധ്യാപനങ്ങൾ നിമിത്തമാണ്. നിർഭാഗ്യകരമെന്നു പറയട്ടെ, മസീഹിന്റെ ഖലീഫമാരുടെ തെറ്റായ തീരുമാനങ്ങൾ നിമിത്തം, ഈ എല്ലാ അദ്ധ്യാപനങ്ങളും അഹ്മദികളുടെ കാലിനടിയിൽ ചവിട്ടിമെതിക്കപ്പെട്ടിരിക്കുന്നു.

നിങ്ങൾ നിങ്ങളുടെ തീരുമാനങ്ങൾ മുഴുവൻ അടിസ്ഥാനമാക്കിയിട്ടുള്ളത് നിങ്ങളുടെ അമീറന്മാരുടെയും മിഷനറി–ഇൻ–ചാർജ്ജ് മാരുടേയും റിപ്പോർട്ടുകളെയാണ്. പ്രത്യേകിച്ചും, നിങ്ങളോട് സഹകരിച്ചു പ്രവർത്തിക്കുന്ന പാകിസ്ഥാനി വംശജരുടെ റിപ്പോർട്ടുകൾ ഏറെ പ്രാധാന്യം അർഹിക്കുന്ന കാര്യങ്ങളിൽ നിങ്ങളെപ്പോഴും ഒരുവശം മാത്രം കേൾക്കുന്നു, നിങ്ങളുടെ അമീർമാരോ മിഷനറി–ഇൻ– ചാർജ്മാരോ അയയ്ക്കുന്നു റിപ്പോർട്ടുകളെ മാത്രം അടിസ്ഥാനമാക്കി കാര്യങ്ങൾ തീരുമാനിക്കുന്നു. ഖലീഫത്തുൽ മസീഹ്മാരുടെ തീരുമാനങ്ങൾ എങ്ങനെ രൂപപ്പെടുന്നു എന്നു മനസ്സിലാക്കുവാൻ ഈ സാഹചര്യങ്ങളെല്ലാം ആഴത്തിൽ വിശകലനം ചെയ്യാൻ ഞാൻ ശ്രമിച്ചു. ജനങ്ങളെ അപമാനിക്കുവാനും അവരുടെ മേൽശാപം ചൊരിയുവാനും അവരെ അഹ്മദീയ്യാ ജമാഅത്തിന്റെ വ്യവസ്ഥയിൽ നിന്നും പുറത്താക്കാനോ അല്ലെങ്കിൽ അവരുടെ മേൽ സാമൂഹിക ബഹിഷ്ക്കരണം ഏർപ്പെടുത്താനും ഉദ്ദേശിക്കുന്ന തീരുമാനങ്ങൾ നിങ്ങൾ മിക്കപ്പോഴും എടുക്കുന്നു. 'തഖ്വയുടെ അടിസ്ഥാനമില്ലാത്തതാണ് ഈ തീരുമാനങ്ങളെല്ലാം എന്ന കാര്യം തിരിച്ചറിയപ്പെടുന്നില്ല. (ഞാൻ പരാമർശിക്കുന്നത് അഹ്മദിയ്യാ ജമാഅത്ത് അധഃപതനത്തിന്റെ വഴിയിൽ ചരിക്കാൻ തുടങ്ങിയ കാലത്തെ കുറിച്ചാണ്.)

ഒരു പ്രശ്നം ഉാവുകയും സത്യത്തെ മിഥ്യയിൽ നിന്നും വേർതിരിക്കുവാൻ വിധിനിർണ്ണയം ആവശ്യമാവുകയും ചെയ്താൽ, ര് ഭാഗങ്ങളും കേൾക്കുന്നതിന് വേിയാണ് അല്ലാഹു(ത) മനുഷ്യന് ര് ചെവികൾ നല്കിയിരിക്കുന്നത്. അതുപോലെ, മസീഹിന്റെ ഖലീഫമാർക്കും അല്ലാഹു (ത) ഇരുചെവികൾ വീതം നല്കിയിരിക്കുന്നു. ര് അഭിപ്രായങ്ങളും കേൾക്കുന്നതിന് വേി അല്ലാഹുവിന്റെ നിയമങ്ങൾക്കനുസൃതമായി തീരുമാനങ്ങൾ കല്പിക്കുന്നതിന് വേി. ഈ തീരുമാനങ്ങളും വിധികളും ഖലീഫമാരുടെയോ ഉദ്യോഗസ്ഥരുടേയോ കോപതാപങ്ങൾക്കും വികാര വിക്ഷോഭങ്ങൾക്കും അനുസൃതമായിട്ടായിരിക്കരുത്. ഇരു വിഭാഗങ്ങളേയും, അവരുടെ വാദങ്ങളും തെളിവുകളും നിരത്തി നിലപാട് വ്യക്തമാക്കുവാൻ, വാദം കേൾക്കാൻ വിളിച്ചുവരുത്തണം. ഒരു കക്ഷിയുടെ മാത്രം വാദം കേട്ട്, ഒരു പ്രത്യേക പ്രശ്നത്തിൽ ഒരു ഭാഗത്തേക്ക് നിലപാടെടുത്ത് അയയ്ക്കപ്പെടുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിധി കല്പിക്കുന്ന നടപടി നീതിയുടെ

സാരാംശത്തിന് ചേർന്നതല്ല. നീതി നിർവ്വഹിക്കപ്പെടണം എല്ലാ സാഹചര്യങ്ങളിലും. ഒരു കുടുംബാംഗത്തിന്റെ താല്പര്യത്തിനെതിരായാൽ പോലും ഖുർആൻ ഇക്കാര്യം വ്യക്തമാക്കിയിട്ടു്.

ഞാൻ മൗറീഷ്യസ് അഹ്മദിയ്യാ ജമാഅത്തിലെ പ്രവർത്തകൻ ആയിരുന്ന കാലത്തെ ഒരനുഭവം കൃത്യമായി ഓർക്കുന്നു. ഖലീഫത്തുൽ മസീഹ് നാലാമൻ പറയുകയുായി. ജമാഅത്തിലെ അമീറിനെതിരിൽ കേന്ദ്രത്തിലേക്ക് പരാതി ബോധിപ്പിക്കുന്ന വ്യക്തി, പരാതിയുടെ കോപ്പി അമീറിന് നല്കിയിരിക്കണം. പ്രശ്നങ്ങൾ വഷളായി, ഖലീഫ നീതി നിർവ്വഹിക്കുമ്പോൾ അതിന്റെ കോപ്പി അമീറിനുമാത്രം ലഭിക്കുന്നു. ഈ നടപടിക്രമത്തിലെ ന്യയവും യുക്തിയും എന്താണ്? ഒരു അഹ്മദിക്കെതിരിൽ അമീർ റിപ്പോർട്ട് എഴുതി ഖലീഫത്തുൽ മസീഹിന്റെ ഓഫീസിലേക്ക് അയയ്ക്കുമ്പോൾ അതിന്റെ ഒരു കോപ്പി ലഭിക്കാൻ അയാൾക്ക് അവകാശമില്ലാത്തതെന്തെ?. മസീഹിന്റെ ഖലീഫമാർ നിയമിക്കുന്ന അമീർമാരുടെ കഴിവിലും കാര്യക്ഷമതയിലും ഉള്ള അവരുടെ ആത്മവിശ്വാസം മൂലം ഖലീഫമാർ മറ്റ് കക്ഷികളുടെ വാദങ്ങൾ കേൾക്കേതില്ലെന്നാണോ? അവരുടെ അമീർമാർ നല്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം തീരുമാനമെടുക്കുന്ന മസീഹിന്റെ ഖലീഫമാർ, അമീർ വ്യാജറിപ്പോർട്ടെഴുതി തെറ്റുചെയ്താൽ ഉത്തരവാദിത്വം മുഴുവൻ അമീറിൽ ചുമത്തി രക്ഷപ്പെടുകയാണോ?. മസീഹിന്റെ ഖലീഫമാർക്ക് അല്ലാഹു (ത) ബുദ്ധി നൽകിയില്ലേ? നീതി നിർവ്വഹിയ്ക്കുവാനുള്ള വിവേചന ശക്തി നല്കിയില്ലേ? ഇതെന്തൊരു വൈചിത്ര്യം. നിരപരാധികളായ സാധാരണ അഹ്മദീകൾക്കെതിരിൽ വ്യജറിപ്പോർട്ട് എഴുതുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം അമീർമാരുടെ തലയിൽ കെട്ടിവച്ച് മസീഹിന്റെ ഖലീഫമാർ പിന്നിലൊളിക്കുന്നു. " അമീർമാർ നല്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം" നിരപരാധികൾക്കെതിരിൽ ഉപരോധവും ശിക്ഷയും കല്പിച്ചതു നിമിത്തം വന്നു ചേരാവുന്ന ഭവിഷ്യത്തുകളിൽ നിന്നും സുരക്ഷിതരാവാമെന്നു ഇവർ കരുതുന്നുവോ?

ഇല്ല, ഹസ്രത്ത് മിർസാ മസ്‌റൂർ അഹ്മദ് സാഹിബ്! നീതി നിർവ്വഹിക്കേതെങ്ങനെയെന്നും അത് ഏതു തരത്തിൽ ആയിരിക്കണമെന്നും അല്ലാഹു (ത) വളരെ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. നിങ്ങളുടെ അമീർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം വിധി കല്പിക്കുന്നതിലൂടെ, നിങ്ങളെടുക്കുന്ന തെറ്റായ തീരുമാനങ്ങളുടെ മേൽ അല്ലാഹുവിന്റെ ക്രോധത്തിൽ നിന്നും

നിങ്ങൾ സുരക്ഷിതനാവുകയില്ല. പ്രത്യേകിച്ചും ഹസ്രത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിൽ നിന്നും നിരപരാധികളായ അഹ്മദീ മുസ്ലീങ്ങളെ പുറത്താക്കുകയും അവർക്കുമേൽ ശാപം ചൊല്ലുകയും ചെയ്യുന്നതുപോലുള്ള വേദനാജനകമായ തീരുമാനങ്ങൾ.

ഖലീഫത്തുൽ മസീഹ് നാലാമന്റെ കാര്യത്തിൽ ഇതാണ് സംഭവിച്ചത്. മൗറീഷ്യസ് അമീറിന്റെ കള്ളങ്ങൾക്ക് അദ്ദേഹം ചെവികൊടുത്തു. അഹ്മദിയ്യാ ജമാഅത്തിന്റെ വ്യവസ്ഥയിൽ നിന്നും ഈ വിനീതനെയും സഫറുല്ലാ ദുമുൻ സാഹിബിനേയും പുറത്താക്കുവാനുള്ള തീരുമാനം അദ്ദേഹം കൈകൊു. "അദ്ദേഹത്തിന്റെ അമീറിന്റെ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി" ഒരു സമുദായത്തിന്റെ തലവനായിരിക്കുന്ന ഒരു വ്യക്തിയിൽ നിന്നും അല്ലാഹു (ത) ആവശ്യപ്പെടുന്ന നീതിബോധവും ന്യായയുക്തിയും ഇതാണോ? മസീഹിന്റെ ഖലീഫമാരൊക്കെ അവരുടെ അമീർമാരുടെ റിപ്പോർട്ടുകളുടെ മാത്രം അടിസ്ഥാനത്തിൽ തീരുമാനങ്ങൾ കൈകൊള്ളുകയാണെങ്കിൽ മുകളിൽ പ്രസ്ഥാവിച്ച ഖുർആനിക വചനത്തിന്റെ അർത്ഥമെന്താണ്?. സ്വയേച്ഛയെ പിൻപറ്ററുതെന്നും നീതിപൂർവ്വം വിധികല്പിക്കണമെന്നും അല്ലാഹു (ത) ഈ വചനത്തിലൂടെ അവന്റെ തന്നെ ഖലീഫയായ ദാവൂദ് (അ) നെ താക്കീത് ചെയ്തിരിക്കുകയല്ലേ? ഹസ്രത്ത് ദാവൂദ് (അ) നീതി നടപ്പിലാക്കിയിരുന്നത് അല്ലാഹുവിന്റെ നിയമമനുസരിച്ചല്ലേ? അതോ അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥ മേധാവികൾ സമർപ്പിക്കുന്ന റിപ്പോർട്ട് അടിസ്ഥാനമാക്കിയോ? നീതി നിർവ്വഹണ കാര്യത്തിൽ അല്ലാഹുവിൽ നിന്നും വ്യക്തമായ താക്കിത് ലഭിച്ച ശേഷവും ഒരു കക്ഷിയുടെ മാത്രം വാദം കേട്ടുകൊ്, അല്ലാഹുവിന്റെ കല്പനക്കെതിരിൽ ഹസ്രത്ത് ദാവൂദ് (അ) പ്രവർത്തിച്ചുവോ? അദ്ദേഹം അങ്ങനെ പ്രവർത്തിച്ചിരുന്നുവെങ്കിൽ, കഠിന ശിക്ഷ നല്കി പിടികൂടുമെന്ന ഖുർആനിക താക്കീത് (38: 37) പ്രകാരം അദ്ദേഹം പിടിക്കപ്പെടുമായിരുന്നില്ലേ.

തിരുനബി(സ)യ്ക്ക് ഇത്തരം ഒരു വചനം അല്ലാഹു (ത) വെളിപ്പെടുത്തിയതിൽ നിന്നും സമുദായത്തിന് നേതൃത്വം വഹിക്കുന്ന ഏതൊരാൾക്കും –റസൂലിന്റെ ഖലീഫമാരോ, മസീഹിന്റെ ഖലീഫമാരോ, അല്ലെങ്കിൽ അല്ലാഹുവിനാൽ തെരഞ്ഞെടുക്കപ്പെട്ടവർ പോലുമോ– ഈ ദൈവീക നിയമ പ്രകാരം പ്രവർത്തിക്കുവാൻ ബാദ്ധ്യതയുന്ന് വ്യക്തമല്ലേ? നീതിക്ക് ബന്ധം അല്ലാഹുവിന്റെ "രക്ത" ത്തോടാണ്. അല്ലാഹു(ത) അനീതി ഇഷ്ടപ്പെടുന്നില്ല. അതുകൊ് തന്നെ അവന്റെ സാമ്രാജ്യത്തിൽ ആകാശങ്ങളിലും ഭൂമിയിലും – നീതി പരക്കുന്നത്

അല്ലാഗു (ത) ഇഷ്ടപ്പെടുന്നു . പ്രത്യേകിച്ച് ഭൂമിയിൽ. മനുഷ്യനെ പടുകുഴിയിൽ ചാടിക്കാൻ പോന്ന കുടുല പദ്ധതികളുമായി റോന്തുചുറ്റുന്ന ചെകുത്താനിക ശക്തി കൾ കൊു നിറഞ്ഞ ഭൂമിയിൽ. **അതുപൊലെ, മാർഗ്ഗഭ്രംശം സംഭവിച്ച ഖലീഫ മാരും അമീർമാരും തങ്ങളുടെ പ്രവർത്തികളുടെ അനന്തരഫലങ്ങൾ നേരിടേി വരും.** ഓരോരുത്തരും അവരുടെ പ്രവർത്തികൾക്ക് ഉത്തരവാദികളായിരിക്കും. പ്രത്യേകിച്ചും, അല്ലാഹുവിൽ നിന്നുവന്ന ഒരാൾ തന്നെ അല്ലാഹു (ത) അയച്ചിരി ക്കുന്നുവെന്നു താൻ ഈ കാലത്തേക്കുള്ള മുജദ്ദിദ് ആണെന്നു പറയുകയും അപ്പോൾ മസീഹിന്റെ ഖലീഫമാർ (നാലാമനും അഞ്ചാമനും- പ്രത്യേകിച്ചും ആദ്യത്തെയാൾ) ഖലീഫത്തുൽ മസീഹ് ഇരിക്കെ ഒരു മുജദ്ദിദിന്റെയോ, മസീഹി ന്റെയോ മുഹ്‌യിദ്ദിന്റെയോ ആവശ്യം ഈ കാലഘട്ടത്തിൽ ഇല്ലെന്നു പറയുകയും ചെയ്യുമ്പോൾ. അവർ ഹീനമായ ഒരാശയം ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചുകൊ ിരിക്കുന്നു. എല്ലാ ഇസ്ലാമിക ആവശ്യങ്ങളും നിറവേറ്റാൻ പോന്ന, മനുഷ്യർ തെരഞ്ഞെടുത്ത ഒരു ഖലീഫ അഹ്മദിയ്യാ ജമാഅത്തിൽ ഉന്നെും, അതുകൊ ുതന്നെ ഒരു ദൈവീക ദൂതന്റേയും ആവശ്യം ഇപ്പോഴില്ലെന്നും അവർ പറയു ന്നു. ഇനിവരുന്ന കാലത്തും അല്ലാഹു(ത) തന്നെ അയക്കുന്നുവെന്നു വാദിക്കുന്ന വരെ കള്ളനെന്നു മുദ്രകുത്താം. അല്ലാഹുവിൽ നിന്നും അവർക്കു ലഭിക്കുന്ന വെളി പാടുകളെ പരിഹസിക്കാം.

അതുകൊ്, മുകളിൽ പ്രസ്താവിച്ച ഖുർആനിക വചനത്തിന്റെ പ്രാധാന്യം നിങ്ങൾ (മസീഹിന്റെ ഖലീഫമാർ) മനസ്സിലാക്കിയിട്ടില്ല എന്ന തീരുമാനത്തിൽ ഞാൻ എത്തിച്ചേർന്നു. ഈ വചനത്തെ നിങ്ങൾ കണക്കിലെടുത്തില്ല. നിങ്ങളുടെ അമീർമാരുടെ വ്യാജ പ്രസ്താവനകളോടാണ് നിങ്ങൾക്ക് താല്പര്യം. നീതിയും ന്യായവും സംബന്ധിച്ച് ഇസ്ലാമിക മൂല്യങ്ങൾ വിസ്മരിച്ച് ഏക പക്ഷീയമായ തീരു മാനങ്ങൾ എടുക്കുന്നു. പ്രത്യേകിച്ചും എന്റെ കാര്യത്തിൽ, മൗറീഷ്യസ് അമീറിന്റെ കള്ളങ്ങൾ വിധി നിർണ്ണായകമായി. അല്ലാഹുവിന്റെ നിയമങ്ങൾ അനുസരിച്ച് നിങ്ങൾ വിധിച്ചില്ല. ഇപ്പോഴും വിധിക്കുന്നില്ല. നിങ്ങളുടേയും, നിങ്ങളുടെ അമീർമാരുടേയും വൈകാരികാവേശങ്ങൾ അനുസരിച്ചാണ് നീതി നിർവ്വഹണം നടക്കുന്നത്.

അല്ലാഹു (ത) എടുത്തുമറിയ്ക്കുവാൻ കഴിവുള്ള നാഥനാകുന്നു. അവനാഗ്ര ഹിക്കുന്നതെന്തും അവൻ നടപ്പിൽ വരുത്തും. വാഗ്ദത്ത മസീഹ് ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ)- നാൽ സ്ഥാപിതമായ ജമാഅത്തിനെ മസീഹിന്റെ ഖലീഫ മാർ കൊത്തെിച്ച പരിതാപകരമായ പതനം അല്ലാഹു (ത) കു, നീതിയോ,

ന്യായമോ 'തഖ്‌വ' യുടെ വിശുദ്ധിയോ ഇല്ലാത്ത തീരുമാനങ്ങൾക്ക് കാലം സാക്ഷ്യം വഹിച്ചപ്പോൾ, മസീഹിന്റെ ഖലീഫമാരിൽ നിന്നും അല്ലാഹു (ത) അവന്റെ ഒരു ഖലീഫയെ –ഖലീഫത്തുല്ലായെ– തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചു. അങ്ങനെ ഒരാൾ അല്ലാഹുവിന്റെ  ഖലീഫയും പരിഷ്കർത്താവും (മുജദ്ദിദും) മസീഹും ആയി അയയ്ക്കപ്പെട്ടിരിക്കുന്നു.

മസീഹിന്റെ ഖലീഫമാർ തഖ്‌വയിലധിഷ്ഠിതമായി, ദൈവീക നിയമങ്ങൾക്കനുസൃതമായി, പ്രവർത്തിച്ചിരുന്നിടത്തോളം കാലം അല്ലാഹു (ത) അവന്റെ തന്നെ ഒരു ഖലീഫയെ എഴുന്നേല്പ്പിക്കേ ആവശ്യകത കില്ല. എന്നാൽ കഴിഞ്ഞ പതിനഞ്ചുവർഷത്തിലേറെയായി, മസീഹിന്റെ ഖലീഫമാർ തഖ്‌വയും നീതിയും ന്യായവും അഗണ്യകോടിയിൽ തള്ളിയെടുത്ത തീരുമാനങ്ങളും വിധി നിർണ്ണയങ്ങളും അവരെ മാർഗ്ഗഭ്രംശത്തിന്റെ പെരുവഴിയിലെത്തിച്ചു. ഇസ്ലാമിന്റെ നഷ്ടപ്പെട്ടുപോയ അദ്ധ്യാപനങ്ങൾ വീടെുക്കുവാൻ അല്ലാഹു (ത) അവൻ തന്നെ  സ്വയം തെരഞ്ഞെടുത്ത ഒരാളെ അയയ്ക്കുവാൻ തീരുമാനിച്ചത് മസീഹിന്റെ ഖലീഫമാർ വൈകാരീകാവേശങ്ങൾക്കടിപ്പെടാൻ തുടങ്ങിയതിന് ശേഷമാണ്.

മസീഹിന്റെ ഖലീഫമാർ ചന്തപിരിക്കുവാൻ കൂടുതൽ ശ്രദ്ധ ചെലുത്തിയെന്നത് ഒരു വാസ്തവമാണ്. അങ്ങനെ, ജമാഅത്തിന്റെ ട്രഷറിയിലേക്ക് ധാരാളം പണം ഒഴുകിയെത്തി. ധാർമ്മിക നിലവാരം ഇടിയാനും ചിന്തിക്കാനാവാത്ത കാര്യങ്ങൾ ചെയ്തുകൂട്ടാൻ കവർക്കൊക്കെ – പ്രത്യേകിച്ചും അമീർമാർക്ക് – അവസരം ലഭിച്ചതും അങ്ങനെയാണ്. ഇക്കാര്യം മൗറീഷ്യസിലെ അമീർ എന്നു വിളിക്കപ്പെടുന്ന ആളുടെ കാര്യത്തിൽ തികച്ചും സത്യമാണ് (1) അയാൾ കള്ളം പറയുകയും അല്ലാഹുവിന്റെ ഒരു ദാസനേയും അനുചരന്മാരേയും ജമാഅത്തിൽ നിന്നും പുറത്താക്കുന്നതിന് വേി തന്റെ അസൂയ മറച്ചുവച്ചുകൊ് പ്രവർത്തിക്കുകയും ചെയ്തു. (2) അല്ലാഹുവിന്റെ ഒരു ദൂതനെ അവജ്ഞയോടെ വീക്ഷിച്ചു. അല്ലാഹു തെരഞ്ഞെടുത്തയച്ച ആളെ പരിഹസിച്ചു. ദൈവീക വെളിപാടുകളെ അപഹസിച്ചു. തന്റെ നടപടികൾക്ക് ജനപിന്തുണ തേടി. (3) ദൈവീക സന്ദേശം കേൾക്കുന്നതിൽ നിന്നും ജനങ്ങളെ തടയുന്നതിന് വേി എല്ലാവിധ കുടില പദ്ധതികളും ആവിഷ്കരിച്ചു. ദൈവ ദൂതനെ കള്ളനെന്നും പരസ്ത്രീ ഗമനം നടത്തുന്നവനെന്നും, ജ്വാലവിദ്യക്കാരനെന്നും 'ഫിത്ന'യുാക്കുന്നവനെന്നും മുദ്രകുത്തി. (4) അല്ലാഹു (ത) പുതുതായി നിയമിച്ച ദൈവദൂതനും അനുചരന്മാർക്കും എതിരിൽ സാമൂഹിക ബഹിഷ്കരണം സ്ഥാപനവൽക്കരിച്ചു. (ഇക്കാര്യത്തിൽ, മസീഹിന്റെ ഖലീ

ഫമാർ  അയാളുടെ കൈകളിലെ പാവകൾ ആയി പ്രവർത്തിച്ചത് അയാൾക്ക് സഹായകരമായി.) (5) തന്റെ സ്വന്തം ജമാഅത്തിനെതിരിൽ അയാൾ കള്ള പ്രവർത്തികൾ അനേകം ചെയ്തുകൂട്ടി. തന്റെ ശിങ്കിടികളെ ഉപയോഗപ്പെടുത്തിക്കൊണ്ട് സത്യത്തെ കള്ളമാക്കി മാറ്റാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

2001–ൽ ജമാ അത്ത് വ്യവസ്ഥയിൽ നിന്നു ഞങ്ങളെ പുറത്താക്കിയതുനുശേഷമാണ്, ലൻ ആസ്ഥാനത്തെ കൃത്രിമ പ്രവർത്തനങ്ങൾ അരങ്ങേറിയത്. മൗറീഷ്യസിലെ അഹ്മദീ മുസ്ലീങ്ങൾ ഇപ്പോൾ പറയുന്നത് ഖലീഫ “ആലിമുൽഗൈബ്” ആണെന്നാകുന്നു, അതായത്, അദ്ദേഹത്തിന് സമുദ്രങ്ങൾക്കപ്പുറം നടക്കുന്നതെന്തെന്ന് അറിയുവാൻ കഴിയുന്നുവത്രെ. തന്റെ മൂക്കിനുതാഴെ, ലനിൽ നടന്ന കൃത്രിമം അറിയാൻ കഴിയാത്ത ഖലീഫയെപ്പറ്റിയാണോ ഈ പ്രസ്താവന? **ലനിലെ ലോക്കൽ അമീറും കമ്മിറ്റി അംഗങ്ങളിൽ ചിലരും ചേർന്നു നടത്തിയ സാമ്പത്തിക തിരിമറികളെപ്പറ്റി നാലാം ഖലീഫയെ അറിയിച്ചപ്പോൾ, അദ്ദേഹം എന്താണ് ചെയ്തത്? അവരുടെ സ്ഥാനങ്ങളിൽ നിന്നും അവരെ നീക്കി. ജമാഅത്ത് വ്യവസ്ഥയിൻകീഴിൽ അവർക്ക് കഠിന ഉപരോധങ്ങൾ ഏർപ്പെടുത്തപ്പെട്ടിട്ടില്ല. അവരെ പുറത്താക്കിയതുമില്ല. യാതൊരു സാമൂഹിക ബഹിഷ്കരണവും അവർക്ക് നേരിടേി വന്നില്ല. അവർ ഇന്നും അഹ്മദിയ്യാ ജമാഅത്തിൽ തന്നെയാണ് ഉള്ളത്.**

ഇതിനെയാണോ നിങ്ങൾ നീതി എന്നു പറയുന്നത്?. അല്ലാഹു തന്നോടു സംസാരിക്കുന്നുവെന്നും അല്ലാഹുവിൽ നിന്നും തനിക്ക് സന്ദേശങ്ങൾ ലഭിക്കുന്നുവെന്നും പറയുന്നവന്റെ വാദം പരിശോധിക്കപ്പെടാൻ അവസരമില്ല. അതേ സമയം, ഖലീഫത്തുൽ മസീഹ് തന്റെ തീരുമാനം അമീറിന്റെ റിപ്പോർട്ടിനെ മാത്രം അടിസ്ഥാനമാക്കിയെടുക്കുകയും ചെയ്തു. ഇതിലൊക്കെ എവിടെയാണ് നീതിയുള്ളത്?

അതുകൂടാതെ മൗറീഷ്യസിലെ അഹ്മദി മുസ്ലീങ്ങൾ ഇങ്ങനെ പറയുന്നു. “ ഖലീഫയാണ് ഞങ്ങളുടെ ജീവിതം ഖലീഫ മരിക്കുമ്പോൾ ഞങ്ങളും മരിക്കുന്നു”. അപ്പോൾ ഒരു പുതിയ ഖലീഫത്തുൽ മസീഹിനെ അവർക്ക് ലഭിക്കുമ്പോൾ അവർ മരണത്തിൽ നിന്നും ഉയർത്തെഴുന്നേല്ക്കുന്നു. ഇത്തരം അനിസ്ലാമികവും സങ്കുചിതവും ആയ ചിന്താഗതി വച്ച് പുലർത്താൻ ഇവർക്കെങ്ങനെ കഴിയുന്നു?

എല്ലാവർഷവും മസീഹിന്റെ ഖലീഫമാർ കണക്കുകൾ അവതരിപ്പിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിൽ പുതിയതായി ചേർന്ന അംഗങ്ങളുടെ ദശലക്ഷകണത്തിന്

വരുന്ന സംഖ്യകൾ പരാമർശിക്കുന്നു. ബൈഅത്ത് ടാർജറ്റുകൾ പൂർത്തീകരിക്കു ന്നതിന് വേി തബ്ലീഗ് സെക്രട്ടറിമാരും മിഷണറിമാരും – പ്രത്യേകിച്ചും പാകി സ്ഥാനി മിഷണറിമാർ ജനങ്ങളുടെ കൈയിൽ ബൈ അത്ത് ഫോമുകൾ നല്കി അവരെക്കൊ് ഒപ്പ് പതിപ്പിക്കുന്നു. ഈ ജനങ്ങൾക്കാകട്ടെ, അഹ്മദിയ്യാത്ത് പോയി ട്ട്, ഇസ്ലാമിനെക്കുറിച്ചുപോലും പ്രാഥമിക ജ്ഞാനം പോലും ഉാവുകയില്ല. ടാർജറ്റ് നമ്പർ പൂർത്തീകരക്കുന്നതിന് വേിമാത്രമാണ് ഈ ബൈ അത്ത് ഫോമുകൾ ഒപ്പിട്ടുവാങ്ങിയത്. കഴിഞ്ഞ 15 വർഷത്തോളമായി മസീഹിന്റെ ഖലീഫമാർ നിശ്ച യിച്ച ടാർജറ്റുകൾ പൂർത്തിയാക്കി അവരെ സന്തോഷിപ്പിക്കുകയാണ് ലക്ഷ്യം. അല്ലാ ഹുവിന്റെ തൃപ്തിയല്ല അവിടെ പ്രധാനം. ഖലീഫയെക്കുറിച്ചുള്ള ഭയം ഇന്നത്തെ അഹ്മദിയ്യാ സമൂഹത്തിലെ ഒരു തത്വം ആയിരിക്കുന്നു. അല്ലാഹുവിനെക്കുറിച്ചുള്ള ഭയം മറഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ കല്പനയെക്കാൾ കൂടുതൽ പ്രധാന്യം ഖലീഫയുടെ വാക്കുകൾക്ക് കൈവന്നിരിക്കുന്നു. ഖലീഫത്തുൽ മസീഹ് ലക്ഷ ങ്ങൾ ബൈഅത്ത് ചെയ്തതായി ഒരു വർഷം പ്രഖ്യാപിച്ച് കഴിഞ്ഞാൽ, തൊട്ട ടുത്ത വർഷം അതിന്റെ ഇരട്ടി സംഖ്യ കാണിക്കേതായിട്ടു്. അതാണ് പ്രതീ ക്ഷിക്കപ്പെടുന്നത്. അങ്ങനെ, വഞ്ചനയുടെ ലോകത്ത് ‘പേപ്പർ ബൈഅത്തുകൾ’ കൂടുതൽ കൂടുതൽ ക്രിയാത്മകമാവുന്നതായി നാം കാണുന്നു.

പുതുതായി ജനിക്കുന്ന കുഞ്ഞുങ്ങളെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സർപ്പി ക്കുന്ന “വഖ്ഫെനൗ’ പദ്ധതിക്കെന്തുപറ്റി? അവരുടെ ശരീയായ ആത്മീയ വിദ്യാ ഭ്യാസത്തിന് യാതൊരു പരിഗണനയും നല്കിയില്ല. ഇപ്പോൾ ഭൗതിക ജീവിത സുഖത്തിലാണ് അവർക്ക് കൂടുതൽ താല്പര്യം. കൂടുതൽ സമയവും വിനോദ ങ്ങൾക്കായി ചെലവഴിക്കുന്നു. ധനസാമ്പാദനത്വര, ചൂതാട്ടം, സംഗീതം, മയക്ക്മരു ന്നുപയോഗം, അങ്ങനെ പലതിലും അവർ ഹരം കത്തെുന്നു. ഈ വിഭാഗങ്ങളി ലെല്ലാം പെടുന്ന വഖ്ഫെനൗക്കാരെ നമുക്ക് മൗറീഷ്യസിൽ തന്നെ കാണാം.

‘വഖ്ഫെനൗ’ പദ്ധതിയുടെ പ്രധാന പ്രശ്നം അത് തെറ്റായി ആരംഭിച്ചു എന്ന തുതന്നെയാണ്. അത് ദൈവീക നിർദ്ദേശപ്രകാരം ആരംഭിച്ച ഒരു പദ്ധതിയേ അല്ലെന്നും എളുപ്പം മനസ്സിലാക്കുവാൻ കഴിയും. സമുദായത്തിലെ തീരപാവപ്പെട്ട വ്യക്തികൾക്ക് ഭവന നിർമ്മാണം നടത്തി സഹായിക്കാൻ വേി ബിലാൽ ഫ് എന്ന പദ്ധതി ആരംഭിച്ചു. ഈ പദ്ധതിയും ലജ്ജാകരമായ ഒരു വൻ പരാജയ മായിത്തീർന്നു! അതുപോലെ, നിരവധി പദ്ധതികൾ അഹ്മദിയ്യാ ജമാഅത്ത് ആവി ഷ്കരിക്കുകയുായി. ഈ പദ്ധതികളൊന്നും വേപോലെ വിജയിച്ചില്ല. കാരണം

ക്രിയാത്മക ചിന്തയ്ക്കുശേഷം ആരംഭിച്ച പദ്ധതികളല്ല അവയിൽ പലതും എന്ന തുതന്നെ.

ഹസ്രത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിൽ നിന്നൊരാളെ അല്ലാഹു (ത) അവന്റെ ഖലീഫയായി– (ഖലീഫത്തുല്ലാ) – എഴുന്നേല്പിച്ചപ്പോൾ, ഈ വിനീതനേയും അനുചരന്മാരേയും മറ്റു സത്യാന്വേഷികളേയും പുച്ഛിച്ചുതള്ളാനും അല്ലാഹുവിന്റെ സന്ദേശം കേൾക്കപ്പെടുന്നത് തടയാനും ചെയ്യാവുന്നതൊക്കെ ഇവർ ചെയ്തുകൂട്ടി. ജമാഅത്തു വ്യവസ്ഥയിൽ നിന്നു പുറത്താക്കി. അതിനുപുറമേ, സാമൂഹിക ബഹിഷ്കരണം ഏർപ്പെടുത്തി. എനിക്ക് ലഭിച്ച ദൈവീക വെളിപാടുകളെ പരിഹസിച്ചുതള്ളി. ഈ വിനീതനെ ദൈവീക ദൂതനായി അല്ലാഹു (ത) നിയോഗിച്ചു. എന്ന വിശ്വാസം കൈകൊവരെ വേട്ടയാടി. താക്കീതും ഭീഷണിയും മുഖേന അവരെ പിന്തിരിപ്പിക്കുവാൻ ശ്രമിച്ചു. അഹ്മദികളായി തുടരുന്ന അവരുടെ കുടുംബാംഗങ്ങൾ സംഘടിപ്പിക്കുന്ന ചടങ്ങുകളിൽ നിന്നും അടുത്ത ബന്ധുക്കളെ ഒഴിവാക്കുവാൻ നിർബന്ധിച്ചു. എല്ലാറ്റിനും പുറമേ ഖുർആൻ കല്പിക്കുന്ന ഒരു സുപ്രധാന ഇസ്ലാമിക പാഠത്തെ കാറ്റിൽ പറത്തി ജനങ്ങൾക്ക് സലാം ആശംസിക്കുക, ആശംസിക്കപ്പെട്ടാൽ (തത്തുല്യമായതോ, അതിനേക്കാൾ ഉത്തമമായതോ കൊ്) തിരിച്ചുമടക്കുക.

നബിതിരുമേനി (സ) യുടെ 'മിമ്പർ' ദുരുപയോഗം ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഖലീഫത്തുല്ലായുടേയും അനുചരന്മാരുടേയും അന്തസ്സിനുമേൽ ചെളിവാരിയെറിയാനുള്ള ഒരവസരവും ഇവർ പാഴാക്കുന്നില്ല. **ഹസ്രത്ത് മസീഹ് മൗഊദ് (അ) നാൽ സ്ഥാപിതമായ ജമാഅത്ത് ഇന്ന് ഏറെ അധഃപതിച്ചിരിക്കുന്നു. എത്രത്തോളമെന്നാൽ കള്ളന്മാരും കൃത്യമ പ്രവർത്തികൾ ചെയ്യുന്നവരും മയക്കുമരുന്നു ഉപയോഗിക്കുന്നവരും, ചൂതാട്ടക്കാരും പരപുരുഷന്മാർക്കൊപ്പം നൃത്തം ചവിട്ടുന്ന സ്ത്രീകളും** (ന്യൂജേഴ്സി (അമേരിക്ക)യിലെ അഹ്മദി കല്യാണചടങ്ങിൽ) സാമ്പത്തിക കുറ്റവാളികളും ഒക്കെ ഇന്നീ ഈ പ്രസ്ഥാനത്തിലു്. ഈ പ്രവർത്തികളെല്ലാം മറച്ചുവയ്ക്കപ്പെട്ടിരിക്കുന്നു. ആരോപണ വിമുക്തരാക്കി ഇവരെ ജമാഅത്തിനുള്ളിൽ പൊറുപ്പിച്ചിരിക്കുന്നു. സാമ്പത്തിക ക്രമക്കേടുകളും അഴിമതികളും എല്ലാവിധ സാത്താനിക വൃത്തികളും നടത്തുന്നതിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ മൗറീഷ്യസ് ബ്രാഞ്ച് നോബൽ സമ്മാനത്തിനു തന്നെ യോഗ്യത നേടിയിരിക്കുന്നു.

അഹ്മദിയ്യാ ജമാഅത്തിന്റെ അമീർ എന്നുവിളിക്കപ്പെടുന്ന വ്യക്തിയുടെ സാമ്പത്തിക ക്രമകേടുകളെക്കുറിച്ച് മൗറീഷ്യസിൽ ഇനി ആർക്കാണ് അറിവില്ലാത്തത്? മിക്ക അഹ്മദികൾക്കും അതറിയാം. എന്നിട്ടും അവർ മൗനം പാലിക്കുന്നു. അവർക്കെല്ലാം അയാളുടെ തരംതാണ സ്വാഭാവത്തെക്കുറിച്ചറിയാം. അയാളുടെ പ്രവർത്തികൾക്ക് മുന്നിൽ അവർ പാവകളെപ്പോലെ പ്രവർത്തിക്കുകയും കല്പനകൾക്ക് ഏറാൻ മൂളുകയും ചെയ്യുന്നു. കാരണം അവർ അമീർ എന്ന വിളിക്കപ്പെടുന്ന ഇയാളെയും ഖലീഫത്തുൽ മസീഹിനെയും ഭയപ്പെടുന്നു. അവർ ജനിച്ചുവളരുകയും പ്രവർത്തിച്ചുകൊിരിക്കുകയും ചെയ്യുന്ന പ്രസ്ഥാനത്തിൽ നിന്നു പുറത്താക്കപ്പെട്ടാലോ എന്നവർ ഭയപ്പെടുന്നു. ഇസ്ലാമിലെ സുപ്രധാന അദ്ധ്യാപനങ്ങൾ കാറ്റിൽ പറത്തുന്ന ഭീകരനായൊരു കശാപ്പുകാരനായിട്ടാണ് ഖലിഫത്തുൽ മസീഹിനെ അമീർ ജനങ്ങൾക്കുമുമ്പിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈ അമീർതന്നെ നാലാം ഖലീഫയോട് പറഞ്ഞത് ഞാൻ എടുത്ത് ഉദ്ധരിക്കട്ടെ. "ഹുസൂറിന്റെ നിർദ്ദേശങ്ങൾ മാത്രമേ ഞാൻ അനുസരിക്കുകയുള്ളു വെന്ന കാര്യം ഞാൻ വ്യക്തമാക്കി. എ**ന്തുകൊന്നൊൽ അല്ലാഹുവിലേക്കുള്ള ഖിബ്ല ഞങ്ങളെ സംബന്ധിച്ചിടത്തോഴം ഹുസൂർ ആകുന്നു."** (24 ഡിസംബർ 2000)

മൗറീഷ്യസിലെ അമീർ എന്ന് വിളിക്കപ്പെടുന്നയാളുടേയും ശിങ്കിടികളുടേയും 'ഖിബ്ല' ഏതൊരു ദൈവഭയമുള്ള മുസ്ലീമിന്റേയും 'ഖിബ്ല' യിൽ നിന്നു വ്യത്യസ്തമായതായിരുന്നു. മറിച്ച് ഖലീഫ അയാളുടെ 'ഖിബ്ല' യായിത്തീർന്നിരിക്കുന്നു. ഒരു ഖലീഫത്തുൽ മസീഹ് ഇത്തരം ചിന്താഗതിയെ വച്ചു പൊറുപ്പിക്കാൻ പാടുോ? അദ്ദേഹത്തിന്റെ അമീർമാർ നല്കുന്ന ഇത്തരം പൊലിപ്പിച്ച ബഹുമതികൾ സ്വീകരിക്കുമോ?. തന്റെ അമീർമാർ, തന്നെ "അല്ലാഹുവിലേക്കുള്ള ഖിബ്ല" യായി ഉയർത്തിക്കാട്ടിയത്, അദ്ദേഹത്തെ ഹർഷപുളകിതനാക്കിയോ? അങ്ങനെ ചിന്തിക്കുന്നത് തന്നെ അനിസ്ലാമികമല്ലേ? ഇതിനെല്ലാം പുറമേ, ഖലീഫത്തുൽ മസീഹിന്റെ മുമ്പാകെ എല്ലാതരത്തിലുള്ള വ്യാജ പ്രസ്താവനകളും ഹാജരാക്കി. കള്ളം പറയുന്ന അമീർമാരിൽപ്പെട്ട മൗറീഷ്യസ് അമീറിനെപ്പോലുള്ളവർക്ക് അനുകൂലമായ നിലയിൽ ഖലീഫയുടെ തീരുമാനം ഉാകുന്നതിനുവേിയാണ് ഇങ്ങനെ ചെയ്തത്. ഹസ്രത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിലെ ഈ അമീറിനെ സംബന്ധിച്ചിടത്തോളം വ്യാജ പ്രസ്താവനകൾ നിർമ്മിക്കുന്നത് ഒരു പതിവ് പരിപാടി മാത്രമാണ്. ഇപ്പോൾ പ്രസക്തമായ ചോദ്യം ഇതാണ. **ഖലീഫത്തുൽ മസീഹ് അഞ്ചാമൻ എന്ന നിലയിൽ ഇത്തരം കള്ളങ്ങളെ താങ്കൾ വച്ചു**

**പൊറുപ്പിക്കുമോ? ഖലീഫയുടെ സ്ഥാനഗരിമയ്ക്ക് പിന്നിലൊളിക്കാൻ ഇത്തരം അമീർമാരെ താങ്കൾ അനുവദിക്കുമോ?** മൗറീഷ്യസിലെ അമീർ എന്നു വിളിക്കപ്പെടുന്നയാൾക്ക് ലൻ ഓഫീസിൽ പ്രത്യേക ശിങ്കിടികളു്. ഖലീഫയ്ക്ക് പകരം അവരാണ് വേ തീരുമാനങ്ങൾ എടുക്കുക.

അഹ്മദിയ്യാ മുസ്ലീം ജമാഅത്തിന്റെ ഇപ്പോഴത്തെ ഖലീഫത്തുൽ മസീഹ് അഞ്ചാമനോട് ഞാൻ ഈ സാഹചര്യത്തിൽ ആവശ്യപ്പെടുന്നു. 2010 നവംബർ മാസം മുതൽ മൗറീഷ്യസിൽ നടന്ന കാര്യങ്ങളെക്കുറിച്ച് 'തഖ്‌വ'യുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുക. മൗറീഷ്യസ് അഹ്മദിയ്യാ ജമാഅത്തിലെ സാമ്പത്തിക കാര്യങ്ങളെക്കുറിച്ചും അഴിമതികളെക്കുറിച്ചും തിരിമറികളെക്കുറിച്ചും അന്വേഷിക്കുന്നതിന് വേി, മൗറീഷ്യസിലേക്ക് അയച്ച ഖലീഫയുടെ പ്രത്യേക പ്രതിനിധിയുടെ റിപ്പോർട്ട് ലഭിച്ചശേഷം അല്ലാഹുവിന്റെ നിയമങ്ങൾക്കനുസൃതമായി തീരുമാനമെടുക്കുക. അതീവ ഗൗരവമുള്ള കാര്യങ്ങളാണ് നടന്നിരിക്കുന്നത്. ഹസ്രത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിന്റെ ഉത്തമ താല്പര്യത്തെ മുൻനിർത്തി ഉചിതമായ തീരുമാനം കൈകൊള്ളുവാൻ ഞാൻ ഖലീഫത്തുൽ മസീഹിനോട് വിനയപൂർവ്വം ആവശ്യപ്പെടുകയാണ്. സുപ്രധാനമായ ഇസ്ലാമിക മൂല്യങ്ങളെ മുൻനിർത്തി ഒരു സമ്പൂർണ്ണ ഉടച്ചുവാർക്കൽ നടത്താൻ തയ്യാറാവുക. മൗറീഷ്യസ് അമീർ ഉൾപ്പെട്ട ഈ ക്രമക്കേടുകൾക്ക് പിന്നിൽ പ്രവർത്തിച്ച എല്ലാ വ്യക്തികളേയും പുകച്ചുചാടിക്കുക. ജമാഅത്തിനെ ശുദ്ധീകരിക്കാൻ തയ്യാറാവുക.

ഈ തുറന്ന കത്തിലൂടെ ഞാൻ പരമാർശിച്ച സംഗതികളെക്കുറിച്ച് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ചിന്തിക്കും എന്നു ഞാൻ പ്രതീക്ഷിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ക്ഷേമത്തിനും നന്മയ്ക്കും ഉതകുന്ന തീരുമാനങ്ങൾ കൈകൊള്ളുമെന്നും ഞാൻ കരുതുന്നു. മൗറീഷ്യസിലും പുറത്തും ജമാഅത്തിനുള്ളിൽ അനീതിയും തെറ്റുകുറ്റങ്ങളും നിത്യ സംഭവങ്ങളായി മാറികൊിരിക്കുന്നു. ഒരു യഥാർത്ഥ ശുദ്ധീകരണം നടത്തി തികച്ചും അഴിമതിക്കാരായ വ്യക്തികളെ പുറത്താക്കണം. ജമാഅത്തിന്റെ ജോലി ചെയ്യാൻ യോഗ്യതയില്ലാത്ത കള്ളന്മാരെ പുകച്ചുചാടിച്ചുകൊ് ഒരുടച്ചു വാർക്കൽ നടത്താൻ തയ്യാറാവുക. ഹസ്രത്ത് മസീഹ് (അ) ന്റെ കൈകളാൽ നടപ്പെട്ട ഈ മരത്തിൽ സൽഫലങ്ങൾ അപ്പോൾ വിളയും. ലനിൽ താങ്കൾക്കൊപ്പം പ്രവർത്തിക്കുന്നവരേയും അതുപോലെ ലോകമെമ്പാടുമുള്ള ജമാഅത്തു ഭാരവാഹികളേയും താങ്കൾ നിലയ്ക്കുനിർത്തണം അല്ലാഹുവിന്റെ മാർഗ്ഗത്തൽ സേവനം ചെയ്യുന്നവർക്ക് അവശ്യം വേ ത്യാഗമനോഭാവം ഇവരിൽ ബഹുഭൂരിഭാഗം പേരിലും ഇന്നു നിഴലിക്കുന്നില്ല. അവർ

ഖലീഫയെ അവരുടെ സാമ്പത്തികാഭിവൃദ്ധിലാക്കാക്കി ഉപയോഗപ്പെടുത്തുകയാണ് അതേസമയം മറ്റുള്ളവർ അവരുടെ ഹസ്തങ്ങളിൽ പീഢനം അനുഭവിക്കുന്നു . നിരപരാധികളായ വ്യക്തികളുടെ തലയ്ക്കുമേൽ അനീതിയും അപമാനവും കെട്ടിവയ്ക്കപ്പെടുന്ന അവസ്ഥ.

ഞാൻ മാനവരാശിക്ക് ഒരു താക്കീതുകാരനായി വന്നിരിക്കുന്നു. അതുപോലെതന്നെ സന്തോഷവാർത്തയുടെ സന്ദേശവാഹകനും ആണ്. എനിക്ക് പറയുവാനുള്ളത് താങ്കൾ ശ്രദ്ധിക്കുമെങ്കിൽ, താങ്കളുടെ ആത്മാവിന് അത് ഗുണകരമായി ഭവിക്കും ഹസ്രത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാ അത്തിനും അതു ഗുണകരമായിത്തീരും. അല്ലാഹുവിന്റെ യഥാർത്ഥ ഭക്തദാസരും അവന്റെ പ്രാവാചകന്മാരോട് അനുസരണ പുലർത്തുന്നവരും ഖുർ ആന്റെ സന്ദേശത്തോട് ആത്മാർത്ഥ കീഴ്‌വഴക്കം കാട്ടുന്നവരും ആയിട്ടുള്ള വ്യക്തികളെ വളർത്തിയെടുക്കുന്നതിനാണ് വാഗ്ദത്തമസീഹ് (അ) ആഗ്രഹിച്ചിരുന്നത്. വാഗ്ദത്ത മസീഹ് (അ) ന്റെ കാലത്ത് ഇസ്ലാം അതിന്റെ അധ: പതനഘട്ടത്തിലായിരുന്നു. അതുപോലെ ഇന്ന് വാഗ്ദത്ത മസീഹ് (അ) ന്റെ ജമാഅത്തും ദൗർഭാഗ്യത്തിന്റെ ദിനങ്ങൾ എണ്ണുകയാണ് അതുകൊാണ് അല്ലാഹു (ത) ഒരാളെ താക്കീതുനൽകി ഉണർത്തുന്നതിനുവേി ഇപ്പോൾ അയച്ചത്. ജനങ്ങളുടെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിച്ച് അവരിൽ ആത്മീയ പരിവർത്തനം സൃഷ്ടിക്കുന്നതിനുവേി യഥാർത്ഥ ഇസ്ലാമിക പാഠങ്ങളിലേക്ക് (സഹീഹ് അൽ ഇസ്ലാം) അവരെ മടക്കിക്കൊവരിക, ''ലാ ഇലാഹ ഇല്ലാഹ്'' (ആരാധനയ്ക്ക് അർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല) എന്ന ഭക്തിയുടെ 'ഖിബ്‌ല' യിലേയ്ക്ക് അവരെ തിരിച്ചുകൊുവരിക എന്നിവയും ലക്ഷ്യങ്ങളിൽ പെടുന്നു.

അഹ്മദിമുസ്ലീംങ്ങളും ലോകത്തെ മറ്റിതര ജനവിഭാഗങ്ങളും ഉൾപ്പെടെയുള്ള മുഴുവൻ മാനവരാശിയുടെയും നന്മയും പുരോഗതിയും ഈവിനീതൻ കാംഷിക്കുന്നു. അല്ലാഹുവിന്റെ ഒരു ദൂതന്റെ ജോലി ഒരിക്കലും എളുപ്പമല്ല എന്നാൽ തന്റെ കഴിവിന്റെ പരമാവധി ഉപയോഗപ്പെടുത്തിക്കൊ് അദ്ദേഹം പരിശ്രമിക്കണം. അല്ലാഹുവിന്റെ സഹായം വന്നെത്തുമ്പോൾ, അദ്ദേഹം തീർച്ചയായും വിജയം കത്തെും ഇൻശാ അല്ലാഹ്.

ഹസ്രത്ത് മിർസാ മസ്‌റൂർ അഹ്മദ് സാഹിബ്, ഞാൻ താങ്കളെ വിനീതമായി ഉപദേശിക്കുകയാണ് ജമാഅത്ത് ഭരണവ്യവസ്ഥിതിയുടെ വിവിധ തലങ്ങളിലിരുന്നു തെറ്റായ നടപടികൾ നടത്തിയവരെ മുഴുവൻ പുറത്താക്കി, തെറ്റുകൾ തിരു

ത്തുക! താങ്കളും മനുഷ്യനാണ് എന്നാൽ ആഗോള അഹ്മദയ്യാമുസ്ലീം ജമാ അത്തിന്റെ നേതാവായി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട വ്യക്തി കൂടിയാണ്. അതുകൊ് അവരോടു നീതിപൂർവ്വം പ്രവർത്തിക്കാൻ താങ്കൾക്ക് ബാദ്ധ്യതയു് ജമാ അത്തിന്റെ ട്രഷറിയിലേക്ക് താങ്കൾ കഷ്ടപ്പെട്ട് സമ്പാദിച്ച ധനം ജനങ്ങൾ നല്കുമ്പോൾ അത് കള്ളൻമാർ കട്ടുമുടിക്കാതെ കാത്തുസൂക്ഷിക്കപ്പെടണം. ഇക്കാര്യത്തിൽ അല്ലാഹു (ത) വിനുമുമ്പാകെ, താങ്കൾ കണക്കു ബോധിപ്പി ക്കേിവരും അല്ലയോ ഹസ്രത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ഓർമ്മവച്ചു കൊള്ളുക ഞാനെന്റെ കടമ നിർവ്വഹിച്ചിരിക്കുന്നു. താങ്കളെ വിവരങ്ങൾ അറിയിക്കുകയും അല്ലാഹുവിന്റെ ക്രോധത്തിനെതിരിൽ താക്കീതുചെയ്യുകയും ചെയ്തിരിക്കുന്നു. അല്ലഹുവിന്റെ കല്പനകൾക്കും മാനവരാശിക്കായി അയക്കപ്പെട്ടിരിക്കുന്ന താക്കീതുകാരനായ ഈ വിനീതന്റെ സന്ദേശങ്ങൾക്കും എതിരിൽ പ്രവർത്തിക്കരുത് . ഇക്കാലത്തെ അഹ്മദീ മുസ്ലീങ്ങൾക്കൊരു വിഗ്രഹം ആയിത്തീരാതെ അല്ലാഹുവിനെ ഭയപ്പെട്ട് പ്രവർത്തിക്കുക. അല്ലാഹുവിൽനിന്നും ഇക്കാലത്തെ അവന്റെ ഖലീഫയിൽ നിന്നും (ഹസ്രത്ത് ഖലീഫത്തുല്ല അൽ മസീഹ് അൽ മൗഊദ്) താങ്കൾ പിന്തിരിഞ്ഞു പോകാതിരുന്നാൽ അല്ലാഹു (ത) താങ്കൾക്ക് മനോഹരമായ പ്രതിഫലം നല്കുന്നതാണ്.

അല്ലാഹുവിന്റേയും അവന്റെ ഖലീഫയുടേയും ശബ്ദത്തിനുനേരെ ചെവി കേൾക്കാത്തവനെപ്പോലെ പെരുമാറരുത്. അല്ലാഹു (ത) അവന്റെ സൃഷ്ടികൾക്ക് അവന്റെ വാക്കുകളിലും ദിവ്യവെളിപാടുകളിലും ചിന്തിയ്ക്കാനും അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുവാനും സമയം നല്കുന്നുവെന്നത് അവന്റെ കാരുണ്യത്തിൽപ്പെട്ട ഒരു കാര്യമാണ്. പശ്ചാത്തപിച്ച് മടങ്ങാനും ഒരുപുതിയ അദ്ധ്യായം സൃഷ്ടിക്കാനും ഇനിയും നമുക്ക് സമയമു്. ഇസ്ലാമിന്റെ അഭിവൃദ്ധിക്കുവേിയുള്ള താങ്കളുടെ ആദ്യസംഭാവന ഇതായിരിക്കട്ടെ. താങ്കളുടെ കീഴിൽ പ്രവർത്തിക്കുന്ന മൗറീഷ്യസ് അമീർ ഉൾപ്പടെയുള്ള നികൃഷ്ടജീവികളെപ്പറ്റി കൃത്യമായി മനസ്സിലാക്കി, അവരെ പുറത്താക്കുക ഹസ്രത്ത് മുഹമ്മദ്നബി (സ) കൊുവന്നതും ഹസ്രത്ത് മസീഹ് മൗഊദ് (അ) പുനരുദ്ധരിക്കുകയും ചെയ്ത യഥാർത്ഥ ഇസ്ലാം നല്ല നാളുകൾക്ക് (ചീത്തദിനങ്ങൾക്കല്ല) സാക്ഷ്യം വഹിക്കട്ടെ!

കുറ്റവാളികളെ സംരക്ഷിക്കുവാൻ നോക്കരുത് ഓരോരുത്തരേയും അവരവരുടെ വിധി കാത്തിരിക്കുന്നു. നാളെ നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് നിങ്ങൾ കണക്കുബോധിപ്പിക്കേിവരും അവരുടെ പ്രവർത്തനങ്ങൾക്ക് അവരും

ഉത്തരവാദികളായിരിക്കും എന്നാലും ഒരു ജമാ അത്തിന്റെ തലവൻ എന്നനിലയിൽ അല്ലാഹുവിന്റെ മുമ്പാകെ താങ്കളുടെ ഉത്തര വാദിത്വത്തിന്റെ അളവ് വളരെ വലുതാണ്. അതുകൊ് അവരെ സംരക്ഷിച്ചു കൊ് ഇസ്ലാമിനെ വിവിധങ്ങളായ പ്രശ്നസന്ധികളിലേക്ക് തള്ളിവിടരുത്. ഇസ്ലാമിനേയും ഹസ്രത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിനേയും നാശത്തി ലേക്ക് നയിക്കരുത്. പച്ചക്കള്ളത്തെ സത്യമായി അവതരിപ്പിക്കാനോ സത്യത്തെ അസത്യപ്പെടുത്താനോ അവരെ സഹായിക്കരുത്.

ഖിലാഫത്തിന്റേയും അഹ്മദീയ്യ ജമാ അത്തിലെ ഖലീഫയുടേയും പേരിൽ നടത്തപ്പെട്ട എല്ലാ പൈശാചിക കൃത്യങ്ങളും സാമ്പത്തിക ക്രമക്കേടുകളും സംബദ്ധിച്ച താങ്കളുടെ തീരുമാനം ഖലീഫത്തുല്ല എന്ന നിലയിൽ ഞാൻ കാത്തിരി യ്ക്കുന്നു. ഇൻശാ അല്ലാഹ്. ഈ കാര്യങ്ങളെ സംബദ്ധിച്ച് മൗറീഷ്യസിലോ പുറത്തോ താങ്കൾ സംസാരിക്കും എന്നുകരുതി താങ്കളുടെ പ്രഭാഷണത്തിനായി കാത്തിരിക്കുന്നു. അല്ലാഹു (ത) നല്കിയ വിലപ്പെട്ടസമയം പാഴാക്കരുത്. അല്ലാഹു(ത) യുടെ തൃപ്തി കരസ്ഥമാക്കുന്നതിനു വേി ശരിയായ തീരുമാനം എടുക്കുക. മനുഷ്യരെ ഭയക്കരുത്. മനുഷ്യരെ തൃപ്തിപ്പെടുത്താൻവേി അല്ലാഹുവിനെ ഉപേക്ഷിക്കുന്നത് 'ശീർക്ക്' ആണ്, അതുകൊ് ശിർക്കിനെ സൂക്ഷിക്കുക. അല്ലാഹുവിനെ ഭയപ്പെടുക. മൗറീഷ്യസ് ജമാഅത്തിന്റെ അമീർ ഉൾപ്പടെ താങ്കളുടെ കീഴിൽ പ്രവർത്തിക്കുന്ന കുറ്റവാളികളെ നീക്കം ചെയ്യുക സമയം അധികരിക്കുന്നതിനുമുമ്പ് പെട്ടന്ന് ഈ കാര്യം നിർവ്വഹിക്കുക. ഇൻശാ അല്ലാഹ് കഴിയുന്നത്ര പെട്ടന്ന് താങ്കളിൽ നിന്നൊരു മറുപടി ഞാൻ പ്രതീക്ഷിക്കുന്നു.

വസ്സലാം,

*Jazak-Allah Khair*

**മുനീർ എ. അസീം**

**അല്ലാഹുവിന്റെ ദൂതൻ**

**ജമാഅത്തുസ്സഹീഹിൽഇസ്ലാം,മൗറീഷ്യസ്**

**20 ഫെബ്രുവരി 2011**

**16 റബീയുൽ അവ്വൽ 1432 A.H.**

Translated by: **Fazil Jamal**

Issued by: **R. Jamaludin Raother**

***Amir, Jamaat Ul Sahih Al Islam, Kerala***